"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- പാലക്കാട് ജില്ലയിൽ കോങ്ങാട് വില്ലേജിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രതീഷിന്റെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.152/2026/DMD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 07/03/2024 ലെ സ.ഉ(കൈ)നം.4/2024/ഡിഎംഡി
2. CMDRF പോർട്ടലിൽ ശ്രീമതി.സുനിത്ര സമർപ്പിച്ച D250300226 ഡോക്കറ്റ് നമ്പർ അപേക്ഷ
3. 09/05/2025 ലെ സ.ഉ(സാധാ)നം.304/2025-ഡിഎംഡി

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ കോങ്ങാട് താലൂക്കിൽ ശ്രീമതി.സുനിത്ര എന്നവരുടെ ഭർത്താവ് രതീഷിന്റെ ബൈക്കിൽ കാട്ടുപന്നി ഇടിച്ച് ഗുരുതര പരിക്കോടെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും 02.11.2024 തീയതിയിൽ മരണപ്പെടുകയും, ആയതിനു ധനസഹായം അനുവദിക്കണമെന്ന് ശ്രീമതി.സുനിത്ര പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2) മനുഷ്യ വന്യജീവി ആക്രമണം (1) സംസ്ഥാന സവിശേഷ ദുരന്തം ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും, വനം-വന്യജീവി വകുപ്പിൽ നിന്നും 6 ലക്ഷം രൂപയും അനുവദിക്കാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം ഉത്തരവായിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ കോങ്ങാട് താലൂക്കിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രതീഷിന്റെ ആശ്രിതർക്ക് ധനസഹായത്തുകയായ 4 ലക്ഷം രൂപ "2245-80-800-80 -Other miscellaneous relief expenditure" എന്ന ശീർഷകത്തിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്കു അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

SDRF വിഹിതം ജില്ലാ കളക്ടർക്കു അനുവദിക്കാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
വനം വന്യജീവി (ഡി ) വകുപ്പ്
ദുരന്ത നിവാരണ (A3) സീറ്റ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 12-03-2026 19:09:24**
സെക്ഷൻ ഓഫീസർ